പതിമൂന്നാം കേരള നിയമസഭ

(THIRTEENTH KERALA LEGISLATIVE ASSEMBLY)

# സബ്ജക്റ്റ് കമ്മിറ്റി X

# (SUBJECT COMMITTEE X)

വനവും പരിസ്ഥിതിയും വിനോദസഞ്ചാരവും

**(FOREST, ENVIRONMENT AND TOURISM)**

**ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച**
**ഒന്നാമത് റിപ്പോർട്ട്**
**(2011-2012)**

**FIRST REPORT**
**ON**
**THE SCRUTINY OF DEMANDS FOR GRANTS**
**(2011-2012)**

2011 സെപ്റ്റംബർ 26-ാം തീയതി സമർപ്പിച്ചത്

(Presented on 26th September 2011)

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2011

SECRETARIAT OF THE KERALA LEGISLATURE
THIRUVANANTHAPURAM
2011

പതിമൂന്നാം കേരള നിയമസഭ

(THIRTEENTH KERALA LEGISLATIVE ASSEMBLY)

# സബ്ജക്റ്റ് കമ്മിറ്റി X

# (SUBJECT COMMITTEE X)

വനവും പരിസ്ഥിതിയും വിനോദസഞ്ചാരവും

(FOREST, ENVIRONMENT AND TOURISM)

ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച
ഒന്നാമത് റിപ്പോർട്ട്
(2011-2012)

FIRST REPORT ON THE SCRUTINY OF DEMANDS
FOR GRANTS (2011-2012)

829/2011.

# ഉള്ളടക്കം


| | | പേജ് |
|---|---|---|
| സമിതിയുടെ ഘടന | .. | v |
| അവതാരിക | .. | vii |
| റിപ്പോർട്ട് | .. | 1 |

# സബ്ജക്റ്റ് കമ്മിറ്റി X

## വനവും പരിസ്ഥിതിയും വിനോദസഞ്ചാരവും (2011-2013)

### ഘടന

<u>ചെയർമാൻ</u> :

ശ്രീ. കെ. ബി. ഗണേഷ് കുമാർ,
വനവും സ്പോർട്ട്സും സിനിമയും വകുപ്പുമന്ത്രി

<u>എക്സ്-ഒഫീഷ്യോ അംഗം</u> :

ശ്രീ. എ. പി. അനിൽകുമാർ,
പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി

<u>അംഗങ്ങൾ</u> :

ശ്രീ. കെ. അജിത്
,, ബി. ഡി. ദേവസ്സി
,, ഹൈബി ഈഡൻ
,, മോൻസ് ജോസഫ്
,, എസ്. രാജേന്ദ്രൻ
,, രാജു എബ്രഹാം
,, ബി. സത്യൻ
,, കെ. എം. ഷാജി
,, സണ്ണി ജോസഫ്

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u> :

ശ്രീ. പി. ഡി. രാജൻ, സെക്രട്ടറി
ശ്രീമതി കെ. ലൈലാബീവി, അഡീഷണൽ സെക്രട്ടറി
ശ്രീ. കെ. ഉദയകുമാർ, ഡെപ്യൂട്ടി സെക്രട്ടറി
ശ്രീമതി കെ. രാധാമണി, അണ്ടർ സെക്രട്ടറി

## അവതാരിക

2011-2012 സാമ്പത്തിക വർഷത്തെ പുതുക്കിയ ബഡ്ജറ്റിൽ വനവും പരിസ്ഥിതിയും വിനോദസഞ്ചാരവും സംബന്ധിച്ച സബ്ജക്റ്റ് കമ്മിറ്റി X-ന്റെ പരിധിയിൽ വരുന്ന ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച സമിതിയുടെ ഒന്നാമത് റിപ്പോർട്ട്, സമിതിയുടെ ചെയർമാനായ ഞാൻ സമർപ്പിക്കുന്നു.

2011 ആഗസ്റ്റ് മാസം 1, 10 എന്നീ തീയതികളിൽ യോഗം ചേർന്ന് കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലും, ഇത് സംബന്ധിച്ച് പുറപ്പെടുവിച്ച മാർഗ്ഗനിർദ്ദേശരേഖകളിലും വ്യവസ്ഥ ചെയ്തിട്ടുള്ള വിധം താഴെപ്പറയുന്ന ധനാഭ്യർത്ഥനകളിൽ ഉൾക്കൊള്ളുന്ന വിവിധ ചെലവിനങ്ങൾ സമിതി പരിശോധിച്ചു.

| | | |
|---|---|---|
| ധനാഭ്യർത്ഥന നമ്പർ | XVII— | വിദ്യാഭ്യാസം, കായികവിനോദം, കല, സംസ്കാരം മേജർ ഹെഡ് 3435–എക്കോളജിയും എൻവയോൺമെന്റും |
| ധനാഭ്യർത്ഥന നമ്പർ | XX— | ശുദ്ധജലവിതരണവും ശുചീകരണവും മേജർ ഹെഡ്-2215, 106-വായു ജലമലിനീകരണം തടയൽ<br>190(98) കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് |
| ധനാഭ്യർത്ഥന നമ്പർ | XXXIV— | വനം |
| ധനാഭ്യർത്ഥന നമ്പർ | XLII— | വിനോദസഞ്ചാരം |

ബന്ധപ്പെട്ട വകുപ്പുകളിൽ നിന്നും ലഭിച്ച കുറിപ്പുകൾ സമിതി പരിഗണിക്കുകയും യോഗങ്ങളിൽ സന്നിഹിതരായിരുന്ന ഉദ്യോഗസ്ഥരിൽ നിന്നും കൂടുതൽ വിവരങ്ങൾ ആരായുകയും ചെയ്തു.

ഭരണഘടനാപരവും സാമ്പത്തികവുമായ പരിമിതികൾക്ക് വിധേയമായി സമിതി അതിന്റെ നിർദ്ദേശങ്ങൾക്കും ശുപാർശകൾക്കും രൂപം നൽകുകയും അവ റിപ്പോർട്ടിൽ ഉൾക്കൊള്ളിക്കുകയും ചെയ്തിരിക്കുന്നു.

2011 ആഗസ്റ്റ് 24-ാം തീയതി കൂടിയ യോഗത്തിൽ സമിതി ഈ റിപ്പോർട്ട് അംഗീകരിച്ചു.

നിയമസഭാ സെക്രട്ടേറിയറ്റ്,
തിരുവനന്തപുരം,
സെപ്റ്റംബർ 26, 2011.

കെ. ബി. ഗണേഷ് കുമാർ,
*ചെയർമാൻ,*
*സബ്ജക്റ്റ് കമ്മിറ്റി X.*

# റിപ്പോർട്ട്

## ധനാഭ്യർത്ഥന നമ്പർ XXXIV—വനം

വോട്ട് ചെയ്തത് : 335,13,85,000 രൂപ

ചാർജ്ജ് ചെയ്തത് : 5,00,000 രൂപ

പ്ലാൻ ഫണ്ട്

4406-01-070-99-34-0C—റോഡുകൾ

ബഡ്ജറ്റ് വിഹിതം : 125 ലക്ഷം രൂപ

1. വനങ്ങളെ കാട്ടുതീയിൽ നിന്ന് സംരക്ഷിക്കുന്നതിനുള്ള പ്രവർത്തനങ്ങൾക്കും വനവിഭവങ്ങളുടെ വിപണനം നടത്തുന്നതിനും അവശ്യഘടകമാണ് അത്യാവശ്യം വാഹനഗതാഗതം സാധ്യമാകുന്ന റോഡുകൾ. ഈ റോഡുകളുടെ അറ്റകുറ്റപ്പണിക്കായി ഇപ്പോൾ അനുവദിച്ച തുക അപര്യാപ്തമായതിനാൽ 111.75 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

4406-01-070-97—കെട്ടിടങ്ങൾ

ബഡ്ജറ്റ് വിഹിതം : 300 ലക്ഷം രൂപ

2. കെട്ടിടങ്ങൾ നിർമ്മിക്കുന്നതിനും, ഫോറസ്റ്റ് സ്റ്റേഷനുകൾ സ്ഥാപിക്കുന്നതിനും അറ്റകുറ്റപ്പണികൾക്കും പുറമെ ഭൂതത്താൻകെട്ട്, ഇടമലയാർ ഫോറസ്റ്റ് സ്റ്റേഷനുകൾ വൈദ്യുതീകരണം ഉൾപ്പെടെയുള്ള പ്രവർത്തനങ്ങൾക്ക് ഈ ശീർഷകത്തിൽ അനുവദിച്ച തുക അപര്യാപ്തമായതിനാൽ 30 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

2406-02-110-68—ജൈവ വൈവിദ്ധ്യ സംരക്ഷണം

ബഡ്ജറ്റ് വിഹിതം : 350 ലക്ഷം രൂപ

3. ജൈവ വൈവിദ്ധ്യ സംരക്ഷണം, വനാതിർത്തിയോട് ചേർന്ന് വില്ലേജുകളിലും വനത്തിനുള്ളിലെ ആദിവാസി സെറ്റിൽമെന്റുകളിലും വന്യജീവി ആക്രമണം മൂലമുള്ള നാശനഷ്ടങ്ങൾ പരിഹരിക്കൽ, ആനയുടെ ആക്രമണം തടയാൻ ട്രഞ്ച്, വൈദ്യുത കമ്പിവേലി തുടങ്ങിയവയുടെ നിർമ്മാണം, ആവാസ വ്യവസ്ഥ മെച്ചപ്പെടുത്തൽ, പൊതുജനങ്ങളിൽ പ്രകൃതി സംരക്ഷണ അവബോധം വളർത്തുക, കാട്ടുതീ തടയൽ, പരിസ്ഥിതി വികസന പ്രവർത്തനം, വന്യജീവി വാരാഘോഷം എന്നീ പ്രവർത്തനങ്ങൾ നടത്തുന്നതിനായി അനുവദിച്ച തുക അപര്യാപ്തമാണ്. ആയതിനാൽ ഈ ശീർഷകത്തിൽ ബഡ്ജറ്റ് വിഹിതമായി അനുവദിച്ച 350 ലക്ഷം രൂപ 450 ലക്ഷം രൂപയായി വർദ്ധിപ്പിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

2406-01-800-98—വനങ്ങളെ സംബന്ധിച്ചുള്ള പ്രചരണവും പരസ്യവും

ബഡ്ജറ്റ് വിഹിതം : 795.50 ലക്ഷം രൂപ

4. സാമൂഹ്യ വനവൽക്കരണ വിഭാഗത്തിന്റെ കീഴിൽ നടപ്പിലാക്കി വരുന്ന ഹരിതകേരളം, നമ്മുടെ മരം, എന്റെ മരം, വഴിയോരത്തണൽ മുതലായ പദ്ധതികളുടെ നടത്തിപ്പിനും, ബോധവൽക്കരണ പരിപാടികൾക്കുള്ള ചെലവുകൾക്കും ഈ തുക അപര്യാപ്തമായതിനാൽ ഈ സാമ്പത്തിക വർഷം ഈയിനത്തിൽ 200 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

നോൺ പ്ലാൻ ഫണ്ട്

2406-01-070-99—റോഡുകളും പാലങ്ങളും

ബഡ്ജറ്റ് വിഹിതം : 30 ലക്ഷം രൂപ

5. ഈ ശീർഷകത്തിൽ റോഡുകളുടെയും പാലങ്ങളുടെയും നിർമ്മാണത്തിനും അറ്റകുറ്റപ്പണികൾക്കുമായി അനുവദിച്ചിരിക്കുന്ന തുക സാധനങ്ങളുടെ വിലക്കയറ്റം, ട്രാൻസ്പോർട്ടേഷൻ ചെലവിലുണ്ടായ വർദ്ധനവ് എന്നിവ പരിഗണിക്കുമ്പോൾ അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 10 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

2406-01-800-92—വന്യമൃഗങ്ങളുടെ ആക്രമണത്തിനിരയാകുന്നവർക്കുള്ള ആശ്വാസം

ബഡ്ജറ്റ് വിഹിതം : 80 ലക്ഷം രൂപ

6. വന്യജീവി നിർവ്വചനത്തിലെ ഷെഡ്യൂൾ 1-ഉം ഷെഡ്യൂൾ 2-ലെ പാർട്ട് 2-ഉം ഉൾപ്പെടുന്ന വന്യമൃഗങ്ങളുടെ ആക്രമണത്തിന് ഇരയാകുന്നവർക്ക് മാത്രമാണ് നഷ്ട പരിഹാരം നൽകിക്കൊണ്ടിരിക്കുന്നത്. കാട്ടുപന്നിയുടെ ആക്രമണം മൂലമാണ് കൂടുതൽ നാശനഷ്ടങ്ങൾ ഉണ്ടാകുന്നത്. ഈ ഇനത്തിൽ അനുവദിച്ച ബഡ്ജറ്റ് വിഹിതം തുലോം കുറവായതിനാൽ 150 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

7. വനം വകുപ്പിലെ ഉദ്യോഗസ്ഥർക്ക് മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ് നൽകുന്നതിനുവേണ്ടി അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ വിവിധ ശീർഷകങ്ങളിൽ താഴെപ്പറയും പ്രകാരം അധികതുക വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

2406-01-001-99-01(4)—ആഫീസ് ഓഫ് ദി ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് : 50,000 രൂപ

2406-01-001-98-01(4)—ആഫീസ് ഓഫ് ദി കൺസർവേറ്റേഴ്സ് : 50,000 രൂപ

2406-01-001-97-01(4)—വർക്കിംഗ് പ്ലാൻ ആന്റ് റിസർച്ച് സർക്കിൾ : 50,000 രൂപ

2406-01-001-96-01(4)—വിജിലൻസ് ആന്റ് ഇവാല്യൂവേഷൻ : 50,000 രൂപ

2406-01-001-95-01(4)—ഡിസ്ട്രിക്ട് ആഫീസസ് : 4 ലക്ഷം രൂപ

8. വനം വകുപ്പ് ഉദ്യോഗസ്ഥർക്ക് യാത്രാബത്ത ഇനത്തിൽ ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാലും മുൻകാലങ്ങളിലുള്ള യാത്രാ ചെലവുകളുടെ ബില്ലുകൾ പല ഡിവിഷനുകളിലും പാസ്സാക്കേണ്ടതായിട്ടുള്ളതിനാലും വിവിധ ശീർഷകങ്ങളിൽ താഴെപ്പറയും പ്രകാരം അധികതുക വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

2406-01-001-99-04(1)—ആഫീസ് ഓഫ് ദി ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് : 3 ലക്ഷം രൂപ

2406-01-001-96-04(1)—വിജിലൻസ് ആന്റ് ഇവാല്യൂവേഷൻ : 3.5 ലക്ഷം രൂപ

2406-01-001-95-04(1)—ഡിസ്ട്രിക്ട് ആഫീസസ് : 3 ലക്ഷം രൂപ

പൊതു ശുപാർശ

9. കേന്ദ്ര സഹായം ലഭ്യമാകുന്ന പദ്ധതികളിൽ ആകെ ചെലവിന്റെ 50% കേന്ദ്രവും 50% സംസ്ഥാനവുമാണ് വഹിക്കുന്നത്. എന്നാൽ കേന്ദ്രഗവൺമെന്റിന്റെ ധനസ്ഥിതി അനുസരിച്ച് പലപ്പോഴും ഈ തുകയിൽ വ്യത്യാസമുണ്ടാകുന്നു. കേന്ദ്രത്തിൽ നിന്ന് പദ്ധതിച്ചെലവിനായി എത്ര തുക കിട്ടുന്നുവോ അതേ തുക മാത്രമേ ചെലവാക്കാൻ ധനകാര്യ വകുപ്പ് അനുവദിക്കാറുള്ളൂ. സംസ്ഥാന വിഹിതം ചെലവഴിക്കണമെങ്കിൽ കേന്ദ്രവിഹിതം ലഭ്യമാകുന്നതുവരെ കാത്തിരിക്കേണ്ടി വരുന്നതു കാരണം സീസണൽ ആയ പല പണികളും ചെയ്യാൻ പറ്റാതെ വരുന്ന അവസ്ഥയാണുള്ളത്. ആയതിനാൽ കേന്ദ്രസഹായ പദ്ധതിയനുസരിച്ചുള്ള കേന്ദ്രഫണ്ട് ലഭിക്കുന്നതുവരെ കാത്തുനിൽക്കാതെ 50% സംസ്ഥാന വിഹിതം നേരത്തേ ചെലവഴിക്കുന്നതിനുള്ള അനുവാദം നൽകണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

## ധനാഭ്യർത്ഥന നമ്പർ XX—പരിസ്ഥിതി വകുപ്പ്

പൊതു ശുപാർശ

10. സോളിഡ് വേസ്റ്റ് മാനേജ്മെന്റ് പ്രോജക്ടുകൾ വിജയകരമായി നടത്തുന്ന ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങൾ (തമിഴ്നാട്ടിലെ കോയമ്പത്തൂർ, ആന്ധ്രാപ്രദേശിലെ ഹൈദരാബാദ്, കർണാടകയിലെ ബാംഗ്ലൂർ) സന്ദർശിച്ച് കാര്യങ്ങൾ പഠിച്ച് റിപ്പോർട്ട് തയ്യാറാക്കി ഖരമാലിന്യ നിർമ്മാർജ്ജനത്തിന് ഒരു ശാശ്വര പരിഹാരം കാണണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

## ധനാഭ്യർത്ഥന നമ്പർ XLII—വിനോദസഞ്ചാരം

വോട്ടു ചെയ്തത് : 211,94,03,000 രൂപ

ചാർജ്ജ് ചെയ്തത് : ഇല്ല

പ്ലാൻ ഫണ്ട്

5452-01-190-99—കേരള വിനോദ സഞ്ചാര വികസന കോർപ്പറേഷൻ

ബഡ്ജറ്റ് വിഹിതം : 500 ലക്ഷം രൂപ

11. നടപ്പു സാമ്പത്തിക വർഷം മൊത്തം 45 കോടി രൂപയുടെ വികസന പ്രവർത്തനങ്ങളാണ് കെ.റ്റി.ഡി.സി. നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്. പുതിയ പദ്ധതികൾ നടപ്പിലാക്കാനും മുൻ വർഷത്തെ പദ്ധതികൾ പൂർത്തിയാക്കാനും ഇപ്പോൾ അനുവദിച്ച തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 10 കോടി രൂപ കൂടി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

5452-01-190-98—ടൂറിസ്റ്റ് റിസോർട്ട് (കേരള) ക്ലിപ്തം

ബഡ്ജറ്റ് വിഹിതം : 100 ലക്ഷം രൂപ

12. പൊതു സ്വകാര്യ പങ്കാളിത്ത മാതൃകയിൽ അടിസ്ഥാന സൗകര്യ വികസന പദ്ധതികൾ നടപ്പിലാക്കുന്നതിനും വിനോദസഞ്ചാര മേഖലയിൽ നിക്ഷേപ സൗകര്യം ഒരുക്കുന്നതിനും ഈ ശീർഷകത്തിൽ 6.15 കോടി രൂപ കൂടി അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

5452-01-190-96—ബേക്കൽ റിസോർട്ട് ഡെവലപ്മെന്റ് കോർപ്പറേഷൻ

ബഡ്ജറ്റ് വിഹിതം : 100 ലക്ഷം രൂപ

13. ബേക്കൽ റിസോർട്ട് ഡെവലപ്മെന്റ് കോർപ്പറേഷന് സ്വന്തം ഓഫീസ്, ഗസ്റ്റ് ഹൗസ് എന്നിവ നിർമ്മിക്കുന്നതിനും പള്ളിക്കരയിൽ ഹെൽത്ത് ടൂറിസം സെന്റർ നിർമ്മിക്കുന്നതിനും മോഡൽ റോഡുകൾ, ബേക്കൽ കോട്ടയ്ക്കു സമീപം ഇൻഫർമേഷൻ സെന്റർ, കൾച്ചറൽ സെന്റർ എന്നിവ ആരംഭിക്കുന്നതിനും ഈ ശീർഷകത്തിൽ 38.85 കോടി രൂപ കൂടി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

5452-01-800-94—ആർ.ഐ.ഡി.എഫ്. ടൂറിസം റോഡ് പദ്ധതികൾ

ബഡ്ജറ്റ് വിഹിതം : 320 ലക്ഷം രൂപ

14. ആർ.ഐ.ഡി.എഫ്. പദ്ധതിയുടെ ഭാഗമായ കോട്ടയം-കുമരകം റോഡ് പൂർത്തിയാക്കിയ സാഹചര്യത്തിൽ പ്രവർത്തിയുടെ ബിൽ നൽകാനും സ്പിൽ ഓവർ വർക്കുകൾക്കുമായി കൂടുതൽ തുക ആവശ്യമായതിനാൽ ഈ ശീർഷകത്തിൽ 7 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

5452-01-800-87—അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ

ബഡ്ജറ്റ് വിഹിതം : 700 ലക്ഷം രൂപ

15. വിനോദസഞ്ചാരികൾക്ക് താമസത്തിനുതകുംവിധം ഗസ്റ്റ് ഹൗസുകൾ ആധുനിക രീതിയിൽ നവീകരിക്കുന്നതിന് ഇപ്പോൾ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമാണ്. ആയതിനാൽ ഈ ശീർഷകത്തിൽ 7 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

5452-01-800-84—മുസിരിസ് പൈതൃക പദ്ധതി

ബഡ്ജറ്റ് വിഹിതം : 150 ലക്ഷം രൂപ

16. എറണാകുളം ജില്ലയിലെ പറവൂർ, തൃശൂർ ജില്ലയിലെ കൊടുങ്ങല്ലൂർ, ചേന്ദമംഗലം എന്നീ സ്ഥലങ്ങളിലെ ചരിത്ര സ്മാരകങ്ങളെ ബന്ധിപ്പിച്ച് നടപ്പിലാക്കി വരുന്ന മുസിരിസ് പൈതൃക സംരക്ഷണ പദ്ധതിക്ക് അനുവദിച്ച തുക അപര്യാപ്തമായതിനാൽ പദ്ധതിയുടെ സുഗമമായ നടത്തിപ്പിന് 5 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

5452-01-800-83—തലശ്ശേരി പൈതൃക പദ്ധതി

ബഡ്ജറ്റ് വിഹിതം : 132 ലക്ഷം രൂപ

17. കണ്ണൂർ ജില്ലയിലെ തലശ്ശേരിയിലും പരിസര പ്രദേശങ്ങളിലുമായി വ്യാപിച്ചു കിടക്കുന്ന പൈതൃക ശേഷിപ്പുകളെ നവീകരിച്ച് ടൂറിസം ആകർഷകമാക്കുന്നതിനുള്ള നവീന പദ്ധതിയായ തലശ്ശേരി പൈതൃക സംരക്ഷണ പദ്ധതിക്ക് 5 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

3452-80-800-78—കേരളാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടൂറിസം ആന്റ് ട്രാവൽ സ്റ്റഡീസും കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹോസ്പിറ്റാലിറ്റി മാനേജ്മെന്റ് സ്റ്റഡീസും (കിറ്റ്സ്)

ബഡ്ജറ്റ് വിഹിതം : 400 ലക്ഷം രൂപ

18. കിറ്റ്സിന്റെ അക്കാഡമിക് മന്ദിര നവീകരണത്തിന് 50 ലക്ഷം രൂപയും നിലവിലുള്ള റസിഡൻസി ബിൽഡിംഗ് സംരക്ഷിക്കുന്നതിന് 1 കോടി രൂപയും ലേഡീസ് ഹോസ്റ്റൽ നിർമ്മാണത്തിന് 2 കോടി രൂപയും എന്റർപ്രണർഷിപ്പ് ഡെവലപ്മെന്റ് സെന്ററിനായി 10 ലക്ഷം രൂപയും, റിസർച്ച് സ്റ്റഡിക്കായി 25 ലക്ഷം രൂപയും മറ്റ് റിസർച്ച് പദ്ധതികൾക്കായി 5 ലക്ഷം രൂപയും കമ്പ്യൂട്ടർവൽക്കരണത്തിനും എം.ഫിൽ കോഴ്സ് തുടങ്ങുന്നതിനും സ്റ്റഡി സെന്റർ ഡെവലപ്മെന്റിനും വേണ്ടി 10 ലക്ഷം രൂപ വീതവും അധികച്ചെലവ് പ്രതീക്ഷിക്കുന്നു. പ്രസ്തുത പ്രവർത്തനങ്ങൾ നടത്തുന്നതിനായി ഈ ശീർഷകത്തിൽ 4 കോടി 20 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

3452-80-800-92—വിനോദ സഞ്ചാര സ്വാധീനത്തെക്കുറിച്ചുള്ള പഠനവും സ്ഥിതി വിവരകണക്കുകൾ ശേഖരിക്കലും

ബഡ്ജറ്റ് വിഹിതം : 14 ലക്ഷം രൂപ

19. ഓരോ ജില്ലയിലേയും ടൂറിസം കേന്ദ്രങ്ങളെയും അവയുടെ ടൂറിസം സാധ്യതകളെക്കുറിച്ചും പ്രത്യേകം സർവ്വേകളും പഠനങ്ങളും നടത്തി ടൂറിസം മേഖലയുടെ വികസനത്തിനുള്ള നിരവധി പരിപാടികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കുന്നതിന് ഈ ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള തുക വളരെ പരിമിതമാണ്. ആയതിനാൽ ഈ തുക 50 ലക്ഷമായി വർദ്ധിപ്പിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

3452-80-104-98—ടൂറിസ്റ്റ് പ്രചാരണം

ബഡ്ജറ്റ് വിഹിതം : 35.35 കോടി രൂപ

20. കേരളാ ടൂറിസത്തിന്റെ പ്രചരണ പരിപാടി ആവിഷ്ക്കരിച്ച് നടപ്പിലാക്കുന്നതിന്റെ ഭാഗമായി അന്തർദേശീയ മേളകളിൽ പങ്കെടുക്കുന്നതിനും റോഡ് ഷോകൾ സംഘടിപ്പിക്കുന്നതിനും, അന്തർദേശീയ മാധ്യമങ്ങളിൽ പരസ്യം ചെയ്യുന്നതിനും, സി.ഡി.കൾ ബ്രോഷറുകൾ എന്നിവ തയ്യാറാക്കുന്നതിനും ഇപ്പോൾ അനുവദിച്ച തുക അപര്യാപ്തമാണെന്ന് സമിതി മനസ്സിലാക്കുന്നു. കൂടാതെ സ്പിൽ ഓവർ വർക്കുകൾക്ക് തുകകൾ കൊടുക്കേണ്ടതും അനിവാര്യമാണ്. ആയതിനാൽ ഈ ശീർഷകത്തിൽ 25 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

3452-80-800-90(29)—വിനോദ സഞ്ചാര കേന്ദ്രങ്ങളിൽ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ

ബഡ്ജറ്റ് വിഹിതം : 24 കോടി രൂപ

21. ഈ ശീർഷകത്തിൽ വിനോദ സഞ്ചാര കേന്ദ്രങ്ങളിൽ പശ്ചാത്തല സൗകര്യമൊരുക്കലിനും മെച്ചപ്പെടുത്തലുകൾക്കുമായി അനുവദിച്ച തുക അപര്യാപ്തമായതിനാൽ 7 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

നോൺ പ്ലാൻ ഫണ്ട്

3452-80-001—ഭരണവും നടത്തിപ്പും—99-ഭരണം(04)—യാത്രാബത്ത

ബഡ്ജറ്റ് വിഹിതം : 3.13 ലക്ഷം രൂപ

22. ഈ ശീർഷകത്തിൽ യാത്രാച്ചെലവിനായി ഉൾപ്പെടുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ 3.5 ലക്ഷം രൂപയായി ഉയർത്താൻ സമിതി ശുപാർശ ചെയ്യുന്നു.

3452-80-001—ഭരണവും നടത്തിപ്പും—99-ഭരണം-(34)—മറ്റു ചെലവുകൾ

ബഡ്ജറ്റ് വിഹിതം : 50 ലക്ഷം രൂപ

23. വിശിഷ്ടാതിഥികൾ, സർക്കാരിന്റെ മറ്റ് അതിഥികൾ എന്നിവരുടെ സന്ദർശനം പ്രമാണിച്ച് താമസം, ഭക്ഷണം, വാഹനം എന്നിവയ്ക്കുള്ള ചെലവുകളും മറ്റ് ഓഫീസ് അത്യാവശ്യ ചെലവുകളും ഈ ശീർഷകത്തിൽ നിന്നാണ് വഹിക്കുന്നത്. ഈയിനത്തിൽ ഇപ്പോൾ അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 25 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

3452-80-001-95—ഗസ്റ്റ് ഹൗസുകളും, യാത്രാനിവാസുകളും ടൂറിസ്റ്റ് ലോഡ്ജുകളും (34)—മറ്റു ചെലവുകൾ.

ബഡ്ജറ്റ് വിഹിതം : 18.7 ലക്ഷം രൂപ

24. ഭക്ഷണ സാധന സാമഗ്രികൾ വാങ്ങുന്നതിനായി വക കൊള്ളിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ, ഈ ശീർഷകത്തിൽ ബഡ്ജറ്റ് വിഹിതം 25 ലക്ഷം രൂപയായി ഉയർത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

3452-80-104-98—ടൂറിസ്റ്റ് പ്രചാരണം-08 പരസ്യ പ്രചാരണം

ബഡ്ജറ്റ് വിഹിതം : 50 ലക്ഷം രൂപ

25. പരസ്യം, പ്രചാരണം എന്ന ശീർഷകത്തിൽ നിന്നാണ് ഓണാഘോഷത്തിനുള്ള ചെലവ് വഹിക്കുന്നത്. ഈ തുക അപര്യാപ്തമായതിനാൽ 50 ലക്ഷം രൂപ ഈയിനത്തിൽ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

കെ. ബി. ഗണേഷ് കുമാർ,
*ചെയർമാൻ,*
*സബ്ജക്റ്റ് കമ്മിറ്റി—X.*

നിയമസഭാ സെക്രട്ടേറിയറ്റ്,
തിരുവനന്തപുരം,
2011 ആഗസ്റ്റ് 24.